നാലുവരിപ്പാതകൾക്ക് നിർദ്ദേശിച്ചിട്ടുള്ള വീതിയും ഇളവുകളും

*10 [365] ശ്രീ. ഉമേഷ് ചള്ളിയിൽ:
" കെ. കെ. ഷാജു:
" എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകൾ നവീകരിക്കുമ്പോൾ നാലുവരി പാതകൾക്ക് നിർദ്ദേശിക്കപ്പെട്ട വീതി എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് അനുവദിക്കപ്പെട്ട ഇളവുകൾ എന്തൊക്കെയാണ്?

മരാമത്തു വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ദേശീയപാത നലുവരിയായി നവീകരിക്കുന്നതിനുവേണ്ടി ബൈപ്പാസിൽ 45 മീറ്റർ വീതിയും മറ്റു സ്ഥലങ്ങളിൽ 30 മീറ്റർ വീതിയുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ എൻ.എച്ച്.എ.ഐ.-യെ നാഷണൽ ഹൈവേ അതോറ്റി ഓഫ് ഇന്ത്യ) 4-ഉം 6-ഉം വരി പാതയ്ക്കുവേണ്ടി 60 മീറ്റർ വീതിയിൽ സ്ഥലമെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇളവുകളൊന്നും അനുവദിക്കപ്പെട്ടിട്ടില്ല.

ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് വികസനം

*11 [366] ശ്രീ. കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് വികസനം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ;

(ബി) റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുവരെ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എം. സി. റോഡിന്റെ പൂർണ്ണമായ വികസനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മരാമത്തു വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എം. സി. റോഡിന്റെ തൈക്കോട്-കൊട്ടാരക്കര (46.01 കി.മീറ്റർ), കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ (44.40 കി. മീറ്റർ), മൂവാറ്റുപുഴ-അങ്കമാലി (31.4 കി.മീറ്റർ) ദൂരം റോഡുപണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെങ്ങന്നൂർ-ഏറ്റുമാനൂർ (47 കി.മീറ്റർ), ഏറ്റുമാനൂർ-മൂവാറ്റുപുഴ (43 കി.മീറ്റർ) ദൂരം റോഡുപണിയുടെ ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞു. ടെണ്ടർ ലോകബാങ്കിനു അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ട പദ്ധതിക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയായി വരുന്നു. രണ്ടാംഘട്ട പദ്ധതിക്കുള്ള സ്ഥലമെടുപ്പ് നടപടി ആരംഭിച്ചു കഴിഞ്ഞു.

(സി) സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് റോഡുപണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. തൈക്കോട്-കൊട്ടാരക്കര, കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ, മൂവാറ്റുപുഴ-അങ്കമാലി റോഡുകളിൽ 18.3 കി.മീറ്റർ ദൂരം D.B.M., 22.625 കി. മീ. ദൂരം W.M.M., 23.525 കി. മീ. ദൂരം G.S.B. പണികൾ പൂർത്തിയാക്കി. 72 കലുങ്കുകളുടെ പണി പൂർത്തിയായി. പാലങ്ങളുടെ പണി പുരോഗതിയിലാണ്.

(ഡി) 2007 ജൂണിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സംസ്ഥാന സഹകരണ യൂണിയന്റെ പ്രവർത്തനം

*12 [367] ശ്രീ. വി. കെ. സി. മമ്മത്കോയ:
„ കെ. വി. കുഞ്ഞിരാമൻ:
„ എ. കെ. ബാലൻ:
„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സഹകരണ മേഖലയിൽ എന്തെല്ലാം നിലയിലുള്ള പുതിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണ് യൂണിയൻ രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly